ജനയുഗം
JANAYUGOM
30 January 2018

# മത്സ്യക്കൃഷി വിപ്ലവത്തിന് വഴിയൊരുക്കി സിഎംഎഫ്ആർഐ

കൊച്ചി: കടലിൽ കൂടുമത്സ്യക്കൃഷി ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യകൾ മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനായി ആദ്യഘട്ട പരിശീലന പരിപാടി സിഎംഎഫ്ആർഐയിൽ ആരംഭിച്ചു. സിഎംഎഫ്ആർഐയിൽ തുടങ്ങിയ ആദ്യഘട്ട പരിശീലനപരിപാടി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ് മഹേഷ് ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐയുടെ സാങ്കേതിക പിന്തുണയോടെ സംസ്ഥാനത്തെ കടൽതീരങ്ങളിൽ കൂടുമത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 82 ലക്ഷം രൂപ ചെലവിൽ പത്ത് കൂടുകൾ വീതം ഉൾക്കൊള്ളുന്ന നാല് കൂടുകൃഷി യൂണിറ്റുകളെ ഇതിനകം തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 75 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വഹിക്കും. ബാക്കിവരുന്ന 7 ലക്ഷം രൂപ കൂടുകൃഷി ചെയ്യുന്നതിനായി രൂപീകരിക്കുന്ന മത്സ്യത്തൊഴിലാളി സംഘങ്ങൾ കണ്ടെത്തണം.



സിഎംഎഫ്ആർഐയിൽ നടക്കുന്ന ത്രിദിന പരിശീലനപരിപാടിയിൽ കടലിൽ മത്സ്യക്കൃഷി ചെയ്യുന്നതിനുള്ള കൂടിന്റെ പ്രത്യേകതകൾ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ വിശദീകരിക്കുന്നു